(ഡി) പുതുതായി രൂപീകരിച്ച ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണ പ്രവർത്തികൾ പുരോഗമിക്കുകയാണ്. ഐ.കെ.എം.-ലേക്ക് അവർ ഒടുക്കിയ തുക കൂടി പ്രയോജനപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ളത്.

(ഇ&എഫ്) ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടില്ല. പ്രസ്തുത പഞ്ചായത്തിൽനിന്ന് ഫണ്ട് പിരിച്ചെടുത്തിട്ടുമില്ല.

ധനകാര്യ കമ്മീഷൻ ധനസമാഹരണത്തിനായി നൽകിയ ശിപാർശകൾ

109 (1579) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധന സമാഹരണത്തിനായി എന്തെല്ലാം ശിപാർശകളാണ് സർക്കാരിന് നൽകിയിട്ടുള്ളത് ;

(ബി) ഇതിൽ ഏതെല്ലാം ശിപാർശകൾ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇനി ഏതെല്ലാം ശിപാർശകളാണ് നടപ്പാക്കാനുള്ളത് ;

(ഡി) ഏതെല്ലാം ശിപാർശകൾ നടപ്പാക്കുന്നതിലേക്ക് നിയമഭേദഗതികൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാന ധനകാര്യ കമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനാണ്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയിലാണ്. റിപ്പോർട്ട് നിയമസഭയിൽവെച്ചതിനുശേഷം മാത്രമേ അതിലെ ഉള്ളടക്കം വെളിപ്പെടുത്താൻ നിർവ്വാഹമുള്ളൂ.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകീകരണം

110 (1580) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളെ ഏകീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഏകീകരണം ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ മേഖലയിൽ എന്തൊക്കെ നവീകരണങ്ങളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly